പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1543 — 05-02-2019-ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മീഷൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം നൽകിയിട്ടുള്ളത്; വിശദ വിവരം നൽകുമോ ; | (എ) | വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 31.10.2011 വരെയും, വയനാട് ജില്ലയിൽ 31.03.2014 വരെയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള കർഷകർക്ക് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7/2016 മുതൽ 23.01.2019 വരെ ആകെ 66907 അപേക്ഷകൾ സിറ്റിംഗ് നടത്തി പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. അതിൽ അർഹരായ 11354 കർഷകർക്ക് 27,90,79,886/- രൂപ കടാശ്വാസമായി ശുപാർശ ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7480 കർഷകർക്ക് 20,00,00,000/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 7949 കർഷകർക്ക് 19,76,64,765/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ബി) | ജസ്റ്റിസ് (റിട്ട.) ശ്രീ. ശശിധരൻ നമ്പ്യാർ ചെയർമാനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ നിയമം അനുശാസിക്കുന്ന പ്രകാരം സാധ്യമായ ഇടപെടലുകൾ കമ്മീഷൻ നടത്തി വരുന്നതിനാൽ പ്രവർത്തനമേഖല വിപുലീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**